# കേരള സർവകലാശാല

നം.പി.ആർ.248/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഇന്ത്യൻ ചരിത്ര കോൺഗ്രസ് – ഔപചാരിക ഉദ്ഘാടനം ബഹു.രാഷ്ട്രപതി ഇന്ന് (29.12.2016) നിർവഹിക്കും

ഇൻഡ്യൻ ചരിത്ര കോൺഗ്രസിന്റെ 77–ാമത് അന്തർദേശീയ സമ്മേളനത്തിന് ഡിസംബർ 28–ന് തുടക്കമായി. ചരിത്ര കോൺഗ്രസിന്റെ ഔപചാരിക ഉദ്ഘാടനം ബഹു.രാഷ്ട്രപതി ശ്രീ.പ്രണബ് മുഖർജി ഇന്ന് (29.12.2016) 12.30 മണിക്ക് കാര്യവട്ടത്തെ ഗോൾഡൻ ജൂബിലി ആഡിറ്റോറിയത്തിൽ നിർവഹിക്കും. ചടങ്ങിൽ ബഹു.ഗവർണർ ജസ്റ്റിസ്(റിട്ട.) ശ്രീ.പി.സദാശിവം വിശിഷ്ടാതിഥിയായിരിക്കും. ചരിത്ര കോൺഗ്രസിന്റെ നടപടിക്രമങ്ങളുടെ ഔദ്യോഗിക പ്രകാശനം ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ആദരണീയനായ ബഹു.രാഷ്ട്രപതി ശ്രീ.പ്രണബ് മുഖർജിക്ക് കൈമാറിക്കൊണ്ട് നിർവ്വഹിക്കും. മികച്ച ചരിത്രകാരനുള്ള രാജ്വാഡെ അവാർഡ് രാഷ്ട്രപതി ചടങ്ങിൽ സമ്മാനിക്കും. ബഹു.വിദ്യാഭ്യാസ മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ്, ബഹു.ദേവസ്വം ടൂറിസം മന്ത്രി ശ്രീ.കടകംപള്ളി സുരേന്ദ്രൻ, പ്രതിപക്ഷ നേതാവ് ശ്രീ.രമേശ് ചെന്നിത്തല എന്നിവർ പങ്കെടുക്കും. കേരള സർവകലാശാല വൈസ്–ചാൻസലർ പ്രൊഫ.പി.കെ.രാധാകൃഷ്ണൻ സ്വാഗതപ്രസംഗം നടത്തും.

## ഇന്ത്യൻ ചരിത്ര കോൺഗ്രസ് ആരംഭിച്ചു.

77–ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസിന്റെ ആദ്യദിനം ഔപചാരിക ചടങ്ങുകളോടെ ആരംഭിച്ചു. ഇന്ത്യൻ ചരിത്ര കോൺഗ്രസിന്റെ പുതിയ പ്രസിഡന്റിന്റെ സ്ഥാനാരോഹണമായിരുന്നു ചടങ്ങിലെ മുഖ്യയിനം. ഇന്ത്യൻ ചരിത്ര കോൺഗ്രസ് സെക്രട്ടറി പ്രൊഫ. ഇസ്രത് അലം പുതിയ പ്രസിഡന്റിന്റെ പേര് നിർദ്ദേശിക്കാൻ പ്രശസ്ത ചരിത്രകാരൻ പ്രൊഫ. ഇർഫാൻ ഹബീബിനെ ക്ഷണിച്ചു. പുതിയ പ്രസിഡന്റായി സാമ്പത്തിക ചരിത്ര വിദഗ്ധയും അലിഗഢ് മുസ്ലിം യൂണിവേഴ്സിറ്റി പ്രൊഫസറുമായ പ്രൊഫ. ഷിറീൻ മൂസ്വിയുടെ പേര് പ്രൊഫ. ഇർഫാൻ ഹബീബ് നിർദ്ദേശിക്കുകയും പ്രൊഫ. സി.പി.എൻ. സിൻഹ പിന്തുണക്കുകയും ചെയ്തതോടെ ഇന്ത്യൻ ചരിത്ര കോൺഗ്രസിന്റെ ഉദ്ഘാടനത്തിന്റെ ഒന്നാം ഭാഗത്തിന് തുടക്കം കുറിച്ചു. മുഗൾ കാലഘട്ടത്തിന്റെ സാമ്പത്തിക ചരിത്രം സ്ഥിതി വിവരശാസ്ത്രത്തിന്റെ സഹായത്തോടെ രേഖപ്പെടുത്തുന്നതിൽ മുഖ്യ പങ്ക് വഹിച്ച വ്യക്തിയാണ് പ്രൊഫ. ഷിറീൻ മൂസ്വിയെന്ന് പ്രൊഫ. ഇർഫാൻ ഹബീബ് അഭിപ്രായപ്പെട്ടു. ഇന്ന് ചരിത്രം രേഖപ്പെടുത്തമ്പോൾ എഴുത്തുകാരന്റെ സാമൂഹിക പശ്ചാത്തലം, ജാതി, തൊഴിൽ, ബൗദ്ധിക നിലവാരം, ഭൗതിക സാഹചര്യങ്ങൾ എന്നീ ഒട്ടേറെ ഘടകങ്ങൾ വിശകലനം ചെയ്യേണ്ടിവരുന്നു എന്ന് പ്രശസ്ത ചരിത്രകാരി പ്രൊഫ. റോമില ഥാപ്പർ അഭിപ്രായപ്പെട്ടു. തെളിവുകളും ചരിത്രത്തിന്റെ ഉത്ഭവവും പരിശോധിച്ച് മാത്രമെ ഇന്നത്തെ ചരിത്രം രേഖപ്പെടുത്താൻ സാധിക്കുകയുള്ളുവെന്നും അവർ പറഞ്ഞു. യുവ ചരിത്രഗവേഷകർക്കുള്ള സമ്മാന വിതരണവും ചടങ്ങിൽ നടന്നു. വിവിധ വേദികളിലായി എട്ടോളം സമാന്തര സെഷനുകളാണ് ചരിത്ര കോൺഗ്രസുമായി ബന്ധപ്പെട്ട് ഒരുക്കിയിരിക്കുന്നത്. പുരാതന ഇന്ത്യയുടെ വേദി എഞ്ചിനീയറിംഗ് കോളേജ് സെമിനാർ ഹാളിലും മധ്യകാല ഇന്ത്യയുടെ വേദി ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് വകുപ്പുകളുടെ സെമിനാർ ഹാളുകളിലും ആധുനിക ഇന്ത്യയുടെ വേദി അക്കാഡമിക് സ്റ്റാഫ് കോളേജിലുമാണ്. മറ്റ് വേദികൾ താഴെ പറയും വിധമാണ്.

ഭാരത ഇതര രാജ്യങ്ങളുടെ ചരിത്രം – ഹിസ്റ്ററി പഠനവകുപ്പ് സെമിനാർ ഹാൾ
ആർക്കിയോളജി – ബോട്ടണി പഠനവകുപ്പ് സെമിനാർ ഹാൾ

സമകാലീന ഇന്ത്യ - ഫിസിക്സ് പഠനവകുപ്പ് സെമിനാർ ഹാൾ
ഡച്ച് പാനൽ - നിയമ പഠനവകുപ്പ്, ഐ.എം.കെ സെമിനാർ ഹാൾ
ദളിത് പാനൽ - അക്വാട്ടിക് പഠനവകുപ്പ് സെമിനാർ ഹാൾ




## മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (റെഗുലർ ആൻഡ് റീ അപ്പിയറൻസ്) പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ ഡിസംബർ 29, 30 തീയതികളിൽ ഹാൾടിക്കറ്റും, ഡ്രിഗി കോപ്പിയും സഹിതം വന്ന് കൈപ്പറ്റണം.

## പി.ജി.ഡി.ജി.ഐ.എസ്.ടി. പ്രാക്റ്റിക്കൽ-വൈവ ടൈംടേബിൾ

കേരള സർവകലാശാല നടത്തുന്ന പി.ജി.ഡി.ജി.ഐ.എസ്.ടി. പ്രാക്റ്റിക്കൽ-വൈവ പരീക്ഷ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഇന്റഗ്രേറ്റഡ് ബി.എ/ബി.കോം/ബി.ബി.എ - എൽ.എൽ.ബി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ മൂന്നാം സെമസ്റ്റർ പഞ്ചവൽസര ഇന്റഗ്രേറ്റഡ് ബി.എ/ബി.കോം/ബി.ബി.എ - എൽ.എൽ.ബി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധയ്ക്കും ഓൺലൈനായി 2017 ജനുവരി 18 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭിക്കും.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല കമ്പയിൻഡ് ഒന്നും രണ്ടും സെമസ്റ്റർ, ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ 2017 ജനുവരി ഏഴ് (50 രൂപ പിഴയോടെ ജനുവരി 10, 250 രൂപ പിഴയോടെ ജനുവരി 12) വരെ

**ഓൺലൈനായി അപേക്ഷിക്കാം. ട്രാൻസിറ്ററി/മേഴ്സിചാൻസ് ആയി പ്രസ്തുത പരീക്ഷയെഴുതുന്നവർ സർവകലാശാലയിൽ നേരിട്ട് അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.**

## ബി.ടെക് ഫലം

**കേരള സർവകലാശാല മെയിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം – റീ സ്ട്രക്ച്ചേർഡ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.**

തിരുവനന്തപുരം.
28.12.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**